# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4679

23.07.2015-ലെ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി സഹകരണ വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി സഹകരണ വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ; | (എ) പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും, തദ്വാര പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടും ചുവടെ പരാമർശിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. റിവൈവൽ സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾക്ക് പരമാവധി 6 ലക്ഷം രൂപ (ഓഹരി 2,40,000/- രൂപ, സബ്സിഡി - 3,60,000/- രൂപ)<br>2. സംഘം കെട്ടിട പുനരുദ്ധാരണ ഗ്രാന്റ് പരമാവധി 5 ലക്ഷം രൂപ (സബ്സിഡി).<br>3. സർക്കാർ ഓഹരി മൂലധനം (പദ്ധതികൾ നടപ്പിലാക്കുന്നതിന്) - പരമാവധി 4 ലക്ഷം രൂപ.<br>4. കമ്പ്യൂട്ടർ പരിശീലന കേന്ദ്രം (സംഘങ്ങൾ മുഖേന എസ്.സി/എസ്.റ്റി യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന്) പരമാവധി 5 ലക്ഷം രൂപ (ഓഹരി 1,50,000/- രൂപ സബ്സിഡി 3,50,000/- രൂപ)<br>5. സംഘം ജീവനക്കാരുടെ ശമ്പളം - മാനേജീരിയൽ സബ്സിഡി (അഞ്ച് കൊല്ലം ധനസഹായം നൽകുന്നതിനുള്ള പദ്ധതി, ഇത് |

| | |
|---|---|
| | പ്രകാരം ഒരു സംഘത്തിന് ആദ്യത്തെ രണ്ട് കൊല്ലം 60,000/- രൂപ വീതവും, മൂന്നും നാലും വർഷങ്ങളിൽ 36,000/- രൂപ വീതവും, അഞ്ചാം വർഷം 12,000/- രൂപയും നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിന്റെ കീഴിലുള്ള ബാങ്കുകളിലൂടെ പട്ടികജാതി വിഭാഗങ്ങളുടെ എത്ര രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുകയുണ്ടായി ; ഏതു വർഷം വരെയുള്ള വായ്പകളാണ് എഴുതിതള്ളിയതെന്ന് വ്യക്തമാക്കാമോ ; | (ബി) ഒന്നര ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും, 50000/- രൂപാവരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും 10.12.2013 ലെ സ.ഉ. (അച്ചടി) 99/13/പജപവവിവ നമ്പർ പ്രകാരം ഉത്തരവാകുകയും, ആയതിലേക്ക് 12 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി ആനുകൂല്യത്തിനായി സംഘങ്ങൾ തയ്യാറാക്കിയ ആനുകൂല്യ പട്ടികകളിന്മേൽ സർക്കാർ നിർദ്ദേശത്തിന് അനുസൃതമായ വകുപ്പുതല പരിശോധന നടത്തി അർഹതയുണ്ടെന്ന് കണ്ടെത്തിയതും സംഘങ്ങൾ/ബാങ്കുകൾ ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്തിട്ടുള്ളതുമായ വായ്പകൾക്ക് കടാശ്വാസ ആനുകൂല്യമായി 2,63,50,468/- രൂപ വിതരണം ചെയ്തിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്തിരുന്ന വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച സഹകരണ വകുപ്പിന്റെ അപേക്ഷ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് പരിശോധിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിച്ച് നൽകുന്നതാണ്. കൂടാതെ, ഒന്നര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.3.2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും, 1,00,000/- രൂപാവരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും 30.3.2015 ലെ സ.ഉ.(അച്ചടി) 24/15/പജപവവിവ നമ്പർ |

പ്രകാരം ഉത്തരവാകുകയും, ആയതിന് അനുസൃതമായി അർഹത ഉള്ള വായ്പകളെ സംബന്ധിച്ച വകുപ്പ്തല പരിശോധനാ നടപടി പുരോഗമിച്ച് വരികയുമാണ്.

(സി) സഹകരണ ബാങ്കുകളിലെ പ്രസ്തുത വിഭാഗങ്ങൾക്ക് പലിശരഹിത വായ്പകൾ ലഭ്യമാക്കുമോ ; ഇതിനുള്ള പലിശ സബ്സിഡി വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ;

(സി) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും പട്ടികജാതി വിഭാഗക്കാർ ഉൾപ്പെടെയുള്ള കർഷകർ എടുത്തിട്ടുള്ളതും കൃത്യമായി തിരിച്ചടയ്ക്കുന്നതുമായ കാർഷിക വായ്പകൾ പലിശരഹിത വായ്പയാക്കി മാറ്റുന്നതിനുള്ള 'ഉത്തേജന പലിശയിളവ് പദ്ധതി' സംസ്ഥാന സർക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കിയിട്ടുണ്ട്.
കാർഷിക വായ്പകൾക്ക് പുറമെ മറ്റ് വായ്പകൾ പലിശ രഹിത വായ്പകളായി പട്ടികജാതിക്കാർക്ക് നല്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികളുടെ വിവാഹത്തിനായി കുറഞ്ഞ നിരക്കിലുള്ള വായ്പകൾ സഹകരണ ബാങ്കുകൾ വഴി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികളുടെ വിവാഹത്തിനായി കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ